"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തിരുവനന്തപുരം ജില്ലാപഞ്ചായത്ത് മെമ്പർ ശ്രീമതി എം. സുജാതയ്ക്ക് ഉദരസംബന്ധമായ അസുഖത്തിന് ചികിത്സയ്ക്കായി ചെലവായ 30,000/-രൂപ ജില്ലാപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് അനുമതി . നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ എം) വകുപ്പ്**

**സ.ഉ.(സാധാ) നം.603/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 11/03/2020

പരാമർശം:- 1 തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ 19/11/2019ൽ കൂടിയ സാധാരണയോഗത്തിന്റെ 1(21) നമ്പർ തീരുമാനം.

2 ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിന്റെ 24/01/2020 ലെ ഡിപിടിവിഎം /പ്രസിഡണ്ട്/08/20 നം.കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലാപഞ്ചായത്ത് കാഞ്ഞിരംകുളം ഡിവിഷൻ മെമ്പർ ശ്രീമതി എം. സുജാത ഉദരസംബന്ധമായ അസുഖത്തിന് ചികിത്സ നടത്തിയതിന് 30,000/-രൂപ ചെലവായതായും, ടി തുക ജില്ലാപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കണമെന്നും പരാമർശം (1)ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പരാമർശം (2) പ്രകാരം ആവശ്യപ്പെടുകയുണ്ടായി. ചികത്സാരേഖകളായി മെഡിക്കൽ സർട്ടിഫിക്കറ്റ്, ബില്ലുകൾ എന്നിവ ഹാജരാക്കിയിട്ടുമുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. തിരുവനന്തപുരം ജില്ലാപഞ്ചായത്ത് കാഞ്ഞിരംകുളം ഡിവിഷൻ മെമ്പർ ശ്രീമതി എം. സുജാത ഉദരസംബന്ധമായ അസുഖത്തിന് ചികിത്സ നടത്തിയതിന് ചെലവായ 30,000/-രൂപ (മുപ്പതിനായിരം രൂപ) ജില്ലാ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബീനമോൾ കെ ജെ**
**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി/ പ്രസിഡണ്ട്,തിരുവനന്തപുരം ജില്ലാപഞ്ചായത്ത്.

ശ്രീമതി എം. സുജാത, മെമ്പർ, തിരുവനന്തപുരം ജില്ലാപഞ്ചായത്ത്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശ സ്വയം ഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് (വെബ്& ന്യൂ മീഡിയ) വകുപ്പ്.

ഡയറക്ടർ, കേരളസ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ